majkut69@gmail.com
**മജീദ് കുട്ടമ്പൂർ**

# കമ്പോള കാലത്തെ റമദാൻ

എല്ലാം കമ്പോളവത്കരിക്കപ്പെട്ട ഒരു കാലത്താണ് നാം ജീവിക്കുന്നത്. മനുഷ്യ ജീവിതത്തിന്റെ സകല മേഖലകളും കമ്പോള ശക്തികളുടെ പിടിയിലാണ്. ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലും ആർത്തിയുടെ സംസ്കാരത്തെ അത് ഉത്തേജിപ്പിക്കുന്നു. നമ്മുടെ ആഘോഷങ്ങളും സാംസ്കാരിക പരിപാടികളും വിവാഹവും മതപരമായ ചടങ്ങുകളുമെല്ലാം തന്നെ ഇന്ന് ചുറ്റിത്തിരിയുന്നത് കമ്പോളത്തിന്റെയും കച്ചവടത്തിന്റെയും ലാഭത്തിന്റെയും പരിസരങ്ങളിലാണ്.

പുണ്യങ്ങളുടെ പൂക്കാലം, വിശുദ്ധിയുടെ വസന്തം, നന്മയുടെ ഉത്സവകാലം എന്നൊക്കെ വർണിക്കപ്പെടുന്ന പരിശുദ്ധ റമദാൻ കടന്നുവരുമ്പോൾ അതും ഒരു ഭാഗത്ത് കമ്പോളവത്കരിക്കപ്പെടുന്നതായും ആസക്തി വാഴുന്ന ഉപഭോഗ സംസ്കാരത്തിന്റെ ജഡികേഛകളിലമരുന്നതായും കാണാം. റമദാന് മുമ്പെ ഒരു മാസം നീണ്ടുനിൽക്കുന്ന കെങ്കേമമായ സദ്യകളും സൽക്കാരങ്ങളും അവക്കുള്ള വിഭവങ്ങളുമായി വിപണി തയാറെടുക്കുന്നു. വിവിധ ഓഫറുകളുമായി ഗൃഹോപകരണങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിത്യാദികളുടെ പരസ്യങ്ങളിലും റമദാൻ സ്പെഷ്യൽ ഓഫറുകൾ കാണാം. ദൃശ്യമാധ്യമങ്ങളിൽ കാരക്ക മുതൽ ലാഭവും എളുപ്പവും രുചിയുമുള്ള എല്ലാറ്റിന്റെയും പരസ്യം നിറഞ്ഞിരിക്കുന്നു. റമദാൻ ആഗതമാവുന്നതിന് മുമ്പ് തന്നെ ഒരു മാസത്തേക്ക് വേണ്ട നാനാതരം ഭക്ഷണ വിഭവങ്ങളും മറ്റും ഒരുക്കിക്കഴിഞ്ഞതായി പരസ്യങ്ങൾ വിളിച്ചു അറിയിക്കുന്നു.



റമദാനിൽ മുസ്‌ലിം വീടുകളിലൂടെ ഒന്നു സഞ്ചരിച്ചാൽ അതിരുവിടുന്ന സദ്യവട്ടങ്ങളുടെ കാലമാണിതെന്ന് തോന്നിപ്പോകും. പ്രഭാതം മുതലേ നോമ്പുതുറ സമയത്തെ ഭക്ഷണം എങ്ങനെ ആഘോഷമാക്കാമെന്നാണ് ചിന്ത. സ്ത്രീകളെല്ലാം വൈവിധ്യമാർന്ന വിഭവങ്ങളുണ്ടാക്കുന്നതിൽ വ്യാപൃതരാണ്. 'നോമ്പല്ലേ' എന്ന ന്യായത്താൽ പൊരിച്ചതും കരിച്ചതും എണ്ണയിൽ കുളിപ്പിച്ച് കിടത്തിയതുമായ വിഭവങ്ങളാൽ തീന്മേശ വിഭവസമൃദ്ധമാക്കുന്ന തിരക്കിൽ നേരെ ചൊവ്വെ നമസ്കരിക്കാനോ ഖുർആൻ പാരായണം ചെയ്യാനോ അവർക്ക് സമയമില്ല. കല്യാണത്തിന്റെ തിരക്കിൽ നിക്കാഹിന് സമയം കിട്ടിയില്ല എന്ന് പറഞ്ഞതുപോലെ, നോമ്പിൽ ഏതൊന്നിനെ നിയന്ത്രിക്കാനും മാറ്റിനിർത്താനും നിർദേശിക്കപ്പെട്ടോ അതിന്റെ ആഘോഷവും വിപണനവുമാണ് പലയിടങ്ങളിലും.

ഇഫ്ത്വാറുകളും വ്യാപാരവത്കരിക്കപ്പെടുകയും രാഷ്ട്രീയവത്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വലിയ ഹോട്ടലുകളിലും മാളുകളിലുമെല്ലാം ഇഫ്ത്വാർ പാർട്ടിയുടെ പാക്കേജും ബുക്കിംഗും റമദാനുമുമ്പെ പ്രഖ്യാപിച്ചിട്ടുണ്ട്. നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും മാത്രമല്ല ദേശീയ -അന്തർദേശീയ തലങ്ങളിൽ വരെ സംഘടിപ്പിക്കുന്ന മേനിയുള്ള ഒരാഘോഷ ചടങ്ങായിരിക്കുന്നു ഇഫ്ത്വാർ.

റമദാൻ പാചകത്തിന്റെ മികവ് പറഞ്ഞ് സ്ത്രീകൾക്കൊരുക്കുന്ന ചാനൽ പരിപാടികൾ നോമ്പ് ഒരു ഭക്ഷ്യമേളയാണെന്ന സന്ദേശം നൽകുന്നു. എല്ലാ വിഷയങ്ങളിലും മുസ്‌ലിംവിരുദ്ധത സ്വീകരിക്കുന്ന ചാനലുകളിൽ പോലും റമദാൻ പരിപാടികളുണ്ട്. മുസ്‌ലിം ഗാനങ്ങളും സിനിമകളും ഇവ പ്രക്ഷേപണം ചെയ്യുന്നു. നോമ്പിൽ ടൈം പാസിന് വേണ്ടി ഈ സീരിയലുകളും വിനോദ പരിപാടികളും കാണുന്നവർ കുറച്ചൊന്നുമല്ല.

വ്രതാനുഷ്ഠാനത്തിന്റെ ആത്മീയഭാവം ഭക്തിയാണ്. ജഡികേഛകളുടെ തിരസ്കാര പരിശീലനക്കളരിയാണത്. വ്രതമനുഷ്ഠിക്കുന്ന വിശ്വാസി താൻ സമാഹരിച്ച വിഭവങ്ങൾ യഥേഷ്ടം കൈയിലുണ്ടായിട്ടും ഭൗതികേഛകളുടെ ഭ്രമാത്മകതയിൽ നിന്ന് മോചനം നേടാൻ പരിശീലിക്കുകയാണ് വ്രതത്തിലൂടെ. അതേകാലത്ത് തന്നെയാണ് റമദാനെ ഭക്ഷ്യമേളയാക്കുന്നതും സദ്യകളുടെയും സൽകാരങ്ങളുടെയും ആഘോഷങ്ങളാക്കുന്നതും. ആഹാരത്തിന്റെയും ആഗ്രഹത്തിന്റെയും ഭോഗത്തിന്റെയും നിയന്ത്രണത്തിലൂടെ ശരീര കാമനകൾക്കപ്പുറമുള്ള ആത്മീയ വിഹായസ്സിലേക്ക് മനുഷ്യനെ നയിക്കുന്ന വ്രതത്തിന് പകരം കമ്പോളവത്കരിക്കപ്പെട്ട പ്രകടനാത്മകമായ ഭക്തിരസങ്ങളുടെ ചന്തം പ്രദർശിപ്പിക്കപ്പെടുന്നതിനെ വിശ്വാസികൾ ജാഗ്രതയോടെ കാണണം.

■